പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6174

02.04. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിയമന നിരോധനം

ചോദ്യം

ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ഏതെങ്കിലും തസ്തികയിൽ നിയമന നിരോധനം ഉണ്ടോ; വിശദമാക്കാമോ; | (എ) ഇല്ല |
| (ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും, നിയമനം നൽകുന്നതിലും, തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങളാണ് ബോർഡ് ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇല്ല |
| (സി) കാറ്റഗറി നമ്പർ- 557/2014 പി.എസ്.സി റാങ്ക് പട്ടികയിൽ നിന്നും 799 പേരെ നിയമിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ഉണ്ടായതിന് പിറകെ ബോർഡ് ഈ തസ്തികകൾ മുഴുവൻറദ്ദാക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; ഇങ്ങനെഉത്തരവിറക്കിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിവരിക്കാമോ; | (സി) ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.<br>മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത് 799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP (C ) No.30039/2016-ന്റെ അന്തിമ വിധിക്ക് വിധേയമായി )922 ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>31.10.2012-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മീറ്റർ റീഡർമാരുടെ ഒരു N J D ഒഴിവ് കെ.പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.പി.എസ്.സി പരീക്ഷ നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു WP (C ) No.30039/2016 D, 21919/2017 എന്നിവയിന്മേൽ 04.01.2018-ലെ വിധിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്തതിനാൽ സിംഗിൾ ബഞ്ചിന്റെ ഈ വിധിക്കെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡിവിഷൻ ബഞ്ച് മുമ്പാകെ WA No.173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തു.<br><br>കേന്ദ്ര ഊർജ്ജ വകുപ്പും, കേരള ഗവൺമെന്റും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി |

| | |
|---|---|
| | ബോർഡ് ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം സ്മാർട്ട് മീറ്റർ ഉപയോഗത്തിൽ കൊണ്ടു വരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ)-ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതിക വിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ സ്മാർട്ട് മീറ്റർ സഹായിക്കുന്നതുകൊണ്ടും നിലവിൽ മറ്റ് തസ്തികകളിൽ ഉള്ള അധികമായ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യം ഉള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ WP (C ) No.30039/2016 -ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി നിർത്തലാക്കുവാൻ കമ്പനി B.O.(DB) No.494/2018 (Estt.II/6718/2016) 23.02.2018 dated Thiruvananthapuram പ്രകാരം തീരുമാനിച്ച് ഉത്തരവായി. |
| (ഡി) പി.എസ്.സി വഴിയുള്ള സ്ഥിരം നിയമനം തടയാനും, പിൻവാതിലിലൂടെ താൽക്കാലിക നിയമനം നടത്താനുമാണ് തസ്തിക റദ്ദാക്കിയതെന്ന പൊതുവായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിലൂടെ നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും, അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ.സി.) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും ആവശ്യം വേണ്ട ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റ തസ്തികയിലേയ്ക്ക് പുനർവിന്യസിക്കേണ്ടിയും വരും.<br>സ്പോട്ട് ബില്ലിംഗ് മെഷീൻ ഏർപ്പെടുത്തിയതിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലികൾ ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. പുറമെ സ്മാർട്ട് മീറ്റർ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡു എടുത്തു വരികയാണ്. ഇതിന്റെയെല്ലാം ഭാഗമായി ബില്ലിംഗ്, മീറ്റർ റീഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കേണ്ടി വരും. ആയതിനാൽ നിലവിലുള്ള മീറ്റർ റീഡർമാരുടെ എണ്ണം പുനർനിർണ്ണയിക്കേണ്ടി വരും. ഇക്കാരണങ്ങളാണ് 799 മീറ്റർ റീഡർ തസ്തികകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ റദ്ദാക്കിയത്. |
| (ഇ) ഈ തസ്തികയിൽ നിലവിലുള്ള 799 ഒഴിവുകൾ ഏത് തീയതിയ്ക്കകം പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്തിരിയ്ക്കണമെന്നായിരുന്നു ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം എന്ന് വിശദമാക്കാമോ? | (ഇ)) 17.01.2018-ന് മുൻപ് റിപ്പോർട്ട് ചെയ്തിരിക്കണം എന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്. ഈ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# KERALA STATE ELECTRICITY BOARD LIMITED

(Incorporated under the Indian Companies Act, 1956)
Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004, Kerala.
CIN: U40100KL2011SGC027424
Website: www.kseb.in
Phone: +91 471 2514456, 2514575, 2514504
Fax: 0471 2554039 E-mail: secretary@ksebnet.com


## ABSTRACT

Establishment – Abolishing 799 posts of Meter Reader/Spot Biller in KSEB Limited – Sanctioned – Orders issued.

**Corporate Office (Administration)**

B.O. (DB) No. 494/2018 (Estt.II/6718/2016) Dated, Thiruvananthapuram 23.02.2018

Read: 1. B.O. PSI-84/88(59) dated 05.10.1990.
2. B.O. (FM) No. 1297/02 (Estt.III/396/99) dated 19.09.2002.
3. Letter No. Estt.II/6781/2017 dated 30.01.2018 of the Secretary (Administration).
4. Circular Resolution No. Estt.II/6718/2016/2017-18 dated 22.02.2018. (Item No. CR-01-2/2018).

## ORDER

A decision to appoint Meter Readers in the erstwhile Kerala State Electricity Board was taken during 1990 and accordingly the method of appointment and qualifications were fixed as per B.O. read 1st paper above. As per the above order, 75% of vacancy is to be filled up by direct recruitment and 25% by promotion from in-service candidates having required qualification. The sanctioned strength in the post of Meter Reader was also fixed as 1721 during 2002 as per B.O. read 2nd paper above.

The Chief Engineer (HRM) reported one Non Joining Duty (NJD) vacancy of Meter Reader to the Kerala Public Service Commission on 31.10.2012 for recruitment. The candidates who appeared in the test approached the Honorable High Court of Kerala to publish the list and report the present vacancies to the KPSC. The Honourable High Court, in judgment dated 04.01.2018 in WP (C) Nos. 30039 of 2016-D and 21919 of 2017-L ordered KSEB Limited to report 799 vacancies of Meter Readers to the KPSC. Against the Single Bench judgment, the Board filed an appeal as WA No. 173/2018 before the Division Bench and the Court issued an interim order staying the direction of the Single Bench.

KSEB Limited has initiated a restructuring process based on the directions of the Kerala State Electricity Regulatory Commission and recommendations given by the Indian Institute of Management, Kozhikode. On the basis of a detailed study made by the IIM, Kozhikode to bail out the Company from the financial crisis, KSEB Limited requested the KPSC to put on hold all further recruitments including that of Meter Readers, as per letter read 3rd paper above.

A Tripartite Memorandum of Understanding was signed among Ministry of Power, Government of India and Government of Kerala and KSEB Limited under the UDAY Scheme on 02.03.2017 to take various measures to improve the efficiency of KSEB Limited. Among other things as mutually agreed, it was also decided to install Smart Meters to various consumers in accordance with the volume of consumption, which is having the facility of remote reading without visiting the premises of consumers. The Company has already got the approval of a DPR from Government of India to buy and install 5 lakh Smart Meters and the Company is going ahead with the procurement. In the above scenario, further recruitment to the post of Meter Reader will create a situation of under-utilization of Meter Readers.

The Company has introduced Personal Digital Assistant (PDA) for meter reading in all field offices in the Distribution wing. As a result, the job description of Meter Readers has been completely changed and now meter reading job can be done by any category of employees available within the Company. Further, a phased reduction of existing vacancies of Meter Readers is badly needed with the introduction of Smart Meters. So any further recruitment from PSC will hamper the smooth phasing out of redundant posts of Meter Readers and will also result in extra financial burden to the already ailing Company.

Considering all the above points, it was observed that the present 799 vacancies of Meter Readers are no more required to be filled up due to the introduction of technological advancements. The available surplus staff in other categories can be engaged for meter reading till the roll out of Smart Meters is completed. However this decision would be subject to the outcome of Writ Appeal No. 173/2018 before the Honourable High Court of Kerala.

The matter was placed before the Board of Directors for a decision through Circular Resolution read 4th paper above and it was resolved to abolish the 799 posts of Meter Reader/Sport Biller with immediate effect subject to the outcome of Writ Appeal No. 173/2018 pending before the Honorable High Court of Kerala. It was further resolved to inform the above decision to the Kerala Public Service Commission.

Accordingly, the sanctioned strength in the post of Meter Reader will reduce from 1721 to 922.

Orders are issued accordingly.

By Order of the Board of Directors,
Sd/-
P.G Unnikrishnan,
Secretary (Administration)

To

The Chief Engineer (HRM).

Copy to:

1. All Chief Engineers.
2. The Chief Engineer (IT).
3. The Financial Advisor / Chief Internal Auditor.
4. The Company Secretary-in-charge.
5. The Chief Personnel Officer / Legal Adviser & Disciplinary Enquiry Officer.
6. T.A to the Chairman & Managing Director / Director (D & IT) / Director (T & SO) / Director (GC & HRM) / Director (CP, GE, SCM & Safety).
7. P.A to the Director (Finance).
8. The Chief Public Relations Officer.
9. C.A to the Secretary (Administration) / Sr.CA to Chief Vigilance Officer.
10. The Fair Copy Superintendent, O/o the Secretary (Administration)
11. Library / Stock File.

**Forwarded / By Order**

**Senior Superintendent**